# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 199

13.02.2013 ൽ മറുപടിയ്ക്ക്

## മാരക രോഗ ബാധിതർക്ക് വായ്പ ഇളവ് ചെയ്യുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത മാരക രോഗ ബാധിതർക്ക് വായ്പ ഇളവ് ചെയ്യുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) സഹകരണ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ പേരിൽ നിലനിൽക്കുന്ന വായ്പ ബാദ്ധ്യത തുക എഴുതിത്തള്ളുന്നതിനായി "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്. കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് മുഖേന 01.04.2008 മുതൽ നടപ്പിലാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതി നിബന്ധനയിൽ 30.03.2012 ലെ സ.ഉ (കൈ) നം. 42/2012/സഹ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തുകയും കാൻസർ ബാധിതർ, കിഡ്നി സംബന്ധിച്ച രോഗങ്ങൾ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം വന്ന് ശരീരം തളർന്ന് കിടപ്പിലായവർ എയ്ഡ്സ് ബാധിതർ എന്നീ മാരക രോഗങ്ങൾ ബാധിച്ച് കഷ്ടപ്പെടുന്നവരുടെ വായ്പ ബാധ്യതയിലെ 75,000/- രൂപ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) വായ്പ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ റിസ്ക് ഫണ്ട് നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒരു |

| | | |
|---|---|---|
| | | നിശ്ചിത പരിധിവരെയുള്ള വായ്പ ബാധ്യതയിൽ നിന്നും അവരെ ഒഴിവാക്കുക എന്നതാണ് "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" യുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) | എന്തെല്ലാം ഇളവുകളാണ് ഇവർക്ക് ലഭിക്കുന്നത്; | (സി) മേൽ പരാമർശിച്ച മാരക രോഗങ്ങൾ ബാധിച്ചതായി അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റേയും ചികിത്സാ രേഖകളുടെ അടിസ്ഥാനത്തിൽ വായ്പ മുതൽ ഇനത്തിൽ 75,000/- രൂപയും അതിന്റെ പലിശതുകയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതിത്തള്ളുന്നതാണ്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | (ഡി) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത് സഹകരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡാണ്. മരണപ്പെട്ട വായ്പക്കാരുടെയും, മാരക രോഗം ബാധിച്ച വായ്പക്കാരുടെയും വായ്പ തുക എഴുതിത്തള്ളുന്നതിനുള്ള നടപടികൾ കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ